13361
11/7/18

കേരള സർക്കാർ

## സംഗ്രഹം

വനം വന്യജീവി വകുപ്പ് - കൊല്ലം ജില്ലയിലെ വനം വകുപ്പിന്റെ കീഴിലുള്ള കുളത്തൂപ്പുഴ റെയിഞ്ചിൽ നടന്ന ക്രമക്കേടുകൾ- വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവിന് സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം.330/2018/വനം** തീയതി,തിരുവനന്തപുരം, 09/07/2018

---

പരാമർശം:- (1) 06.03.2015-ലെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ഇ2(SC 7/14 KLM)2220/14 നമ്പർ കത്ത്

(2) 02.05.2016-ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ന്റെ ബി6-61634/2005 നമ്പർ കത്ത്

(3) 27.07.2016 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി6-61634/15 നടപടി ഉത്തരവ്

## ഉത്തരവ്

കൊല്ലം ജില്ലയിലെ പുനലൂർ താലൂക്കിലെ കുളത്തൂപ്പുഴ റെയിഞ്ചിൽ വർക്കിംഗ് പ്ലാൻ അനുസരിച്ചുള്ള നടപടിയുടെ മറവിൽ മൈലംമൂട് സെക്ഷനിലെ നാങ്കച്ചി പ്ലാന്റേഷനിൽ ടെണ്ടർ പ്രകാരം ഔട്ട്ട്രേഡ് സെയിൽ നടത്തിയതിൽ ക്രമക്കേടുകൾ നടന്നതായി 18.06.2014-ൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കുളത്തൂപ്പുഴ ഫോറസ്റ്റ് ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തുകയും ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുന്നതിന് പരാമർശം (1) പ്രകാരം ശുപാർശ ചെയ്യുകയുമുണ്ടായി.

2) പരിശോധനാവേളയിൽ ഹാജർ രേഖപ്പെടുത്താതിരുന്ന എൽ.ഡി. ക്ലാർക്ക്, ശ്രീമതി.കെ.സൂസമ്മ, പാർടൈം സ്വീപ്പർ ശ്രീമതി.എസ്.സീന, എന്നിവർക്കും, വിജിലൻസ് ബോർഡ് പ്രദർശിപ്പിക്കാതിരുന്നതിനും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ യഥാസമയം എഴുതി സൂക്ഷിക്കാതിരുന്നതിനും സീനിയർ ക്ലാർക്കായ ശ്രീ.രവീന്ദ്രൻ

പിള്ള, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ.സജു.എസ്.നായർ എന്നിവർക്കുമെതിരെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) തലത്തിൽ അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (2), (3) പ്രകാരം 'താക്കീത്' നൽകി തീർപ്പാക്കുകയും ചെയ്തു.

3) എന്നാൽ വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ടിൻമേൽ തുടർനടപടി സ്വീകരിക്കേണ്ടത് സർക്കാർതലത്തിൽ ആയതിനാൽ മേൽ വിഷയം 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം പ്രകാരം വിശദമായി പരിശോധിച്ചതിൽ കുറ്റാരോപിതർക്കെതിരെ വകുപ്പുതലത്തിൽ പരാമർശം (2), (3) പ്രകാരം നൽകിയ ശിക്ഷ പര്യാപ്തമാണെന്ന് കണ്ടെത്തി. ഈ സാഹചര്യത്തിൽ സർവ്വശ്രീ.കെ.സൂസമ്മ, എസ്.സീന, രവീന്ദ്രൻ പിള്ള, സജു.എസ്.നായർ എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) തലത്തിൽ തീർപ്പാക്കിയ പരാമർശം (2), (3) ലെ ഉത്തരവുകൾക്ക് സാധൂകരണം നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വേണു.വി
പ്രിൻസിപ്പൽ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.സജു എസ്.നായർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

ശ്രീ.രവീന്ദ്രൻ പിള്ള, സീനിയർ ക്ലാർക്ക് (റിട്ട.)

ശ്രീമതി.കെ.സൂസമ്മ, എൽ.ഡി. ക്ലാർക്ക്

ശ്രീമതി.എസ്.സീന, പാർടൈം സ്വീപ്പർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ